465

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം - 695 033

**നമ്പർ :എ6-25130/2019/സം.തി.ക** **തീയതി.02.12.2020.**

## സർക്കുലർ

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പ്രശ്നബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 10.11.2020 ലെ ഇതേ നമ്പർ കത്ത്.

വെബ് കാസ്റ്റിംഗ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പശ്ചാത്തല സൗകര്യം ലഭ്യമല്ലാത്ത ബൂത്തുകളിൽ കമ്മീഷന്റെ ചെലവിലും രാഷ്ട്രീയ പാർട്ടികളും മറ്റ സംഘടനകളും സ്ഥാനാർത്ഥികളും ആവശ്യപ്പെടുന്ന ബൂത്തുകളിൽ അവരുടെ ചെലവിലും വീഡിയോഗ്രാഫി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണെന്ന് സൂചനയിലെ കത്ത് പ്രകാരം വ്യക്തമാക്കിയിരുന്നു. ഇത് സംബന്ധിച്ച് ഇനിപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ജില്ലാ പോലീസ് മേധാവിയും/സിറ്റി പോലീസ് കമ്മീഷണറും ചേർന്ന് കണ്ടെത്തുന്ന (വെബ് കാസ്റ്റിംഗ് നടത്തുവാൻ കമ്മീഷൻ ഇതിനകം നിശ്ചയിച്ചിട്ടുള്ള ബൂത്തുകൾ ഒഴികെ) മറ്റ പ്രശ്ന ബാധിത ബൂത്തുകളിലും കമ്മീഷന്റെ ചെലവിൽ വീഡിയോഗ്രാഫി നടത്തേണ്ടതാണ്.
2. സ്ഥാനാർത്ഥികൾ സ്വന്തം നിലയ്ക്ക് പോളിംഗ് ബൂത്തുകളിൽ വീഡിയോഗ്രാഫി നടത്തുന്നതിന് കൊടുക്കുന്ന പണം ജില്ലാ കളക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലോ, ജില്ലാ കളക്ടറുടേയും ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലോ നിക്ഷേപിക്കേണ്ടതും തിരഞ്ഞെടുപ്പിനു ശേഷം വീഡിയോഗ്രാഫിയുടെ ബില്ലും ക്ലെയിമും ഹാജരാക്കുന്ന മുറയ്ക്ക് വീഡിയോഗ്രാഫി സ്ഥാപനത്തിന് പ്രസ്തുത തുക ടി അക്കൌണ്ടിൽ നിന്നും നൽകിയാൽ മതിയാകുന്നതുമാണ്.
3. തിരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വവുമായി നടക്കണം എന്ന ലക്ഷ്യത്തോടെയാണ് സ്ഥാനാർത്ഥികളോ രാഷ്ട്രീയ കക്ഷികളോ മറ്റുള്ളവരോ പോളിംഗ് ബൂത്തിൽ വീഡിയോഗ്രാഫി നടത്തുവാൻ ആവശ്യപ്പെടുന്നത്. ആയതിനാൽ ഇതിലേയ്ക്കാവശ്യമായ ചെലവ് ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് പ്രചരണ ചെലവായി പരിഗണിക്കേണ്ടതില്ല.

4. വീഡിയോ ചിത്രങ്ങൾ മികച്ച ഗുണനിലവാരത്തിൽ റെക്കോർഡ് ചെയ്യപ്പെട്ടും എന്നുറപ്പാക്കേണ്ടതാണ്.
5. യാതോരു കാരണവശാലും സമ്മതിദായകർ വോട്ടു ചെയ്യുന്ന പ്രക്രിയ ചിത്രീകരിക്കുവാനും സമ്മതിദാനാവകാശത്തിന്റെ സ്വകാര്യതയിൽ ഭംഗം വരുത്തുവാനും പാടുള്ളതല്ല.
6. വീഡിയോ റെക്കോർഡിംഗിന്റെ പകർപ്പ് വീഡിയോഗ്രാഫർ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനല്ലാതെ മറ്റാർക്കും നൽകുന്നില്ല എന്നുറപ്പാക്കേണ്ടതാണ്.
7. സൂചന കത്തിലെ മറ്റ് നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കമ്മീഷണറുടെ സി.എ
കമ്മീഷണറുടെ പി.എസ്
സെക്രട്ടറിയുടെ സി.എ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ